## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2554 17.06.2019 -ലെ മറുപടിക്ക്**

**ബിമ്മരം കോളനിയിൽ അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതിയിലുൾപ്പെടുത്തി പെരുനാട് പഞ്ചായത്തിലെ ബിമ്മരം കോളനിയിൽ എന്തൊക്കെ വികസനപ്രവർത്തനങ്ങൾ നടത്താനാണ് സർക്കാർ നിശ്ചയിച്ചിരുന്നത്; എത്ര രൂപയാണ് ഇതിനായി വക മാറ്റിയിരിക്കുന്നത്; ആരാണ് ഇതിന്റെ നിർവഹണ ഏജൻസി; എന്നാണ് ഇവരെ കരാർ ഏൽപ്പിച്ചത്; വിശദമാക്കുമോ; | (എ) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബിമ്മരം പട്ടികജാതി കോളനികളിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്.<br>1. ഭവന പുനരുദ്ധാരണം<br>2. കോൺക്രീറ്റ് റോഡ്<br>3. അംഗനവാടി കെട്ടിടത്തിന്റെ പുന:രുദ്ധാരണം<br>4. കമ്മ്യൂണിറ്റി ഹാളിന്റെ പുന:രുദ്ധാരണം (സ്റ്റേജ്, ടെറസ് എന്നിവയുടെ പ്രവൃത്തികൾ ഉൾപ്പെടെ)<br>5. പുതിയ കിണർ നിർമ്മാണം<br>6. കുടിവെള്ള പദ്ധതി - പമ്പ് ഹൗസ് OH വാട്ടർ ടാങ്ക് സ്ഥാപിക്കൽ<br>ഒരു കോടി രൂപയാണ് ഇതിനായി മാറ്റി വച്ചിരിക്കുന്നത്. നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് 30/03/2013-ൽ ആണ് കരാറിൽ ഒപ്പ് വച്ചിട്ടുള്ളത്. |

<table>
<tr>
<td>(ബി)</td>
<td>എന്തൊക്കെ പദ്ധതികളാണ് ഇത് പ്രകാരം ഇവിടെ ആരംഭിച്ചത്; ഏതൊക്കെ പദ്ധതികൾ പൂർത്തീകരിച്ചു; ഇനി ആരംഭിക്കാനുള്ള പദ്ധതികൾ ഏതൊക്കെ; ഇവ തുടങ്ങാനുള്ള കാലതാമസം എന്താണെന്നും പറയാമോ; എത്ര രൂപയാണ് ഓരോ പദ്ധതിക്കും ചെലവഴിച്ചത്;</td>
<td rowspan="2">(ബി) യും (സി) യും</td>
<td rowspan="2">പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് ഏജൻസി ഫൈനൽ ബില്ല് സമർപ്പിച്ചിട്ടുണ്ട്, ഓരോ പ്രവൃത്തികൾക്കും ഏജൻസി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമം നം</th><th>പ്രവൃത്തി</th><th>ചെലവഴിച്ച തുക</th></tr>
<tr><td>1</td><td>ഭവനപു:നരുദ്ധാരണം</td><td>8,26,918.90</td></tr>
<tr><td>2</td><td>കോൺക്രീറ്റ് റോഡ് നിർമ്മാണം</td><td>31,95,137.80</td></tr>
<tr><td>3</td><td>അംഗനവാടി കെട്ടിടത്തിന്റെ പുന:രുദ്ധാരണം</td><td>1,82,587.10</td></tr>
<tr><td>4</td><td>കമ്മ്യൂണിറ്റി ഹാളിന്റെ പുന:രുദ്ധാരണം</td><td>6,64,012..20</td></tr>
<tr><td>5</td><td>പുതിയ കിണർ നിർമ്മാണം</td><td>2,85,255.90</td></tr>
<tr><td>6</td><td>കുടിവെള്ള പദ്ധതി - പമ്പ് ഹൗസ് OH വാട്ടർ ടാങ്ക് സ്ഥാപിക്കൽ, വാട്ടർ സപ്ലൈ.</td><td>15,55,427.70</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>അവശേഷിക്കുന്ന പദ്ധതികൾ തടസ്സങ്ങൾ നീക്കി എന്ന് ആരംഭിക്കാനാകും; വിശദാംശം ലഭ്യമാക്കുമോ?</td>
</tr>
</table>

സെക്ഷൻ ഓഫീസർ